## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4263 — 21.07.2015-ൽ മറുപടിയ്ക്ക്

**പഞ്ചായത്ത് രാജ് പുരസ്കാരം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ. ടി.എൻ.പ്രതാപൻ | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും, സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) | |
| എ) | കേരളം പഞ്ചായത്ത് രാജ് പുരസ്കാരത്തിന് അർഹത നേടിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | രാജ്യത്തെ മികച്ച പഞ്ചായത്താവാനുള്ള പ്രകടനം കാഴ്ചവയ്ക്കാൻ എന്തെല്ലാം കാര്യങ്ങളാണ് സംസ്ഥാനം ചെയ്തിട്ടുള്ളത്; | ബി) | അധികാര വികേന്ദ്രീകരണം ഏറ്റവും ഫലപ്രദമായ രീതിയിൽ നടപ്പിലാക്കി. |
| സി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനമാണ് നടപ്പാക്കിയതെന്ന് വിശദമാക്കാമോ; | സി) & ഡി) | അധികാരവികേന്ദ്രീകരണം ത്വരിതഗതിയിൽ പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ റാങ്ക് ചെയ്ത് കേന്ദ്രപഞ്ചായത്ത് മന്ത്രാലയം എല്ലാ വർഷവും അധികാര വികേന്ദ്രീകരണ സൂചിക (Devolution Index) തയ്യാറാക്കുന്നുണ്ട്. മേൽ സൂചികയുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് രാജ്പുരസ്കാരം നൽകുന്നത്. വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന മാനകങ്ങളെ മുൻനിർത്തി താഴെപ്പറയുന്ന 12 മാനദണ്ഡങ്ങൾ പൂർത്തീകരിക്കുന്നതിൽ സംസ്ഥാനങ്ങൾ എത്രമാത്രം പുരോഗതി കൈവരിച്ചു എന്ന വിലയിരുത്തലിലൂടെയാണ് ദേശീയ പഞ്ചായത്ത് രാജ് പുരസ്കാരം പ്രഖ്യാപിക്കുന്നത്.<br>1) പഞ്ചായത്തുകളുടെ പൊതുവായ സ്ഥിതി<br>2) പഞ്ചായത്തുകളെ ഭരമേൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്തങ്ങൾ |
| ഡി) | എന്തെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണ് സംസ്ഥാനത്തിന് പ്രസ്തുത പുരസ്കാരം ലഭിച്ചിട്ടുള്ളതെന്നറിയിക്കുമോ? | | |

| | | | |
|---|---|---|---|
| | | | 3) കേന്ദ്ര സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിൽ പഞ്ചായത്തുകളുടെ പങ്കാളിത്തം<br>4) കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് പഞ്ചായത്തുകൾക്ക് കൈമാറുന്നതിനുള്ള കാര്യക്ഷമത<br>5) സംസ്ഥാന ധനകാര്യ കമ്മീഷൻ രൂപീകരിക്കുന്നതിലും അവയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിലുമുള്ള കാര്യക്ഷമത<br>6) പഞ്ചായത്തുകൾക്ക് ഫണ്ട് കൈമാറുന്നതിനുള്ള നടപടി ക്രമങ്ങൾ<br>7) കൈമാറി നൽകുന്ന ഫണ്ടിന്റെ സ്ഥിതി<br>8) സ്വന്തമായി അധിക വരുമാനം കണ്ടെത്തുന്നതിനും, അവ പിരിച്ചെടുക്കുന്നതിനും പഞ്ചായത്തുകൾക്കുള്ള അധികാരം<br>9) പഞ്ചായത്തുകളുടെ ധനസ്ഥിതി<br>10) പഞ്ചായത്തുകൾക്ക് ഫണ്ട് ചെലവാക്കുന്നതിലുള്ള കാര്യക്ഷമത<br>11) അക്കൗണ്ടിങ്ങും, ആഡിറ്റും<br>12) പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥ വിഭാഗം. |

സെക്ഷൻ ഓഫീസർ